പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3091 29-10-2026-ൽ മറുപടിയ്ക്ക്

**ദേവസ്വം ഭൂമിയിലെ പട്ടയ വിതരണം.**

| ചോദ്യം ഉന്നയിച്ച അംഗങ്ങൾ | മറുപടി നൽകിയ മന്ത്രി |
|---|---|
| ശ്രീ. ജ്യോതികുമാർ ചാമക്കാല | ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി) |

**(എ)** പത്തനാപുരം നിയോജകമണ്ഡലത്തിലെ കമുകുംചേരിയിൽ തിരുവിതാംകൂർ ദേവസ്വം ഭൂമിയിലെ താമസക്കാരിൽ കുറച്ചുപേർക്ക് കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ബാക്കിയുള്ളവർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലായി എന്ന് വിശദമാക്കുമോ;

**മറുപടി:** കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് പത്തനാപുരം താലൂക്കിലെ കമുകുംചേരിയിലെ തരിശ്ശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിലെ അർഹരായ 56 കൈവശക്കാർക്ക് എൽ.എ പട്ടയങ്ങളും 22 ദേവസ്വം പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ദേവസ്വം ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന്, ടി അപേക്ഷകളിന്മേൽ വിചാരണ നടപടികൾ നടന്നു വരുന്നു.

**(ബി)** പത്തനാപുരം നിയോജക മണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ട് (കെ.ഐ.പി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**മറുപടി:** കല്ലട ജലസേചന പദ്ധതിയുടെ കനാൽ പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്നവർക്ക് 15.03.2026-ലെ സ.ഉ.(കൈ) നം.156/2026/RD നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസരണമായി പട്ടയം നൽകുന്നതിലേക്ക് പത്തനാപുരം താലൂക്കിൽ (പത്തനാപുരം നിയോജക മണ്ഡലത്തിൽ) പത്തനാപുരം വില്ലേജിൽ നിന്നും 72 കൈവശക്കാരേയും, പുന്നല വില്ലേജിൽ നിന്നും 20 കൈവശക്കാരേയും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി വിവര ശേഖരണം നടത്തിയിട്ടുള്ളതും ആയതിൽ പത്തനാപുരം വില്ലേജിലെ 72 കേസുകളിൽ കനാൽ പുറമ്പോക്ക് ഭൂമി ഇനം മാറ്റം നടത്തി പതിവ് ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതും, പട്ടയം നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്.

പുന്നല വില്ലേജിലെ 20 കേസുകളിൽ സർവെ നമ്പർ-872/1-ൽ പെട്ട 8 കൈവശങ്ങളുടെ വിസ്തീർണ്ണം കനാൽ പുറമ്പോക്ക് എന്നതിൽ നിന്നും മാറ്റി തരിശ്ശിലേക്ക് ഉൾപ്പെടുത്തുന്നതിലേക്ക് വിവിധ കാലങ്ങളിൽ ജലസേചന വകുപ്പ് ഏറ്റെടുത്ത് കനാൽ പുറമ്പോക്ക് ആക്കിയിട്ടുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയെന്ന് ആ വകുപ്പിലോ വില്ലേജ് രേഖകളിലോ ചേർത്തിട്ടില്ലാത്തത് കാരണം പുന്നല വില്ലേജിലെ കേസുകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

പത്തനാപുരം വില്ലേജിലെ 72 കേസുകളിൽ ഉൾപ്പെടെ 1964 ചട്ടപ്രകാരം വിതരണം ചെയ്യേണ്ടുന്ന പട്ടയങ്ങൾ തയ്യാറാക്കുന്നതിനായി 20.01.2026-ലെ GO(P) No.28/2026/RD നമ്പർ സർക്കാർ ഉത്തരവ് പാലിച്ചുള്ള പുതിയ പട്ടയ ഫോറങ്ങൾ ലഭ്യമാക്കിയും ശേഷിക്കുന്ന കേസ്സുകളിൽ നിലവിൽ താലൂക്ക് പതിവ് കമ്മിറ്റി ശുപീകരിച്ചും പട്ടയങ്ങൾ നൽകുന്നതിന് സത്വര നടപടി സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**